"സൻസദ് ആദർശ് ഗ്രാമപഞ്ചായത്ത്"

# കടമ്പനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം

**കടമ്പനാട് സൗത്ത് പി ഒ,പത്തനംതിട്ട ജില്ല**

**ഫോൺ: 04734-282026 പിൻ: 691553**

kadampanadgp@gmail.com

നമ്പർ: എ4:110/2018

തീയതി: 04-04-2018

## വാഹനലേലം/ ക്വട്ടേഷൻ നോട്ടീസ്

കടമ്പനാട് ഗ്രാമപഞ്ചായത്ത് വക കെ.എൽ.26-2694-ാം നമ്പർ (2006 മോഡൽ) മഹീന്ദ്ര ബൊലേറോ ജീപ്പ് നിലവിലുള്ള അവസ്ഥയിൽ 12/04/2018 പകൽ 11.30 മണിക്ക് പഞ്ചായത്ത് ആഫീസിൽ വെച്ച് ക്വട്ടേഷൻ /പരസ്യലേലം നടത്തുന്നതാണ്. സീൽ ചെയ്തതും നിരതദ്രവ്യം 5000/- രൂപ അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്തതുമായ ക്വട്ടേഷനുകൾ ലേല ദിവസം 10.30 എ.എം വരെ കടമ്പനാട് ഗ്രാമപഞ്ചായത്ത് ആഫീസിൽ സ്വീകരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം 10.30 എ.എം ന് മുൻപായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. ലേലത്തിന് ശേഷം ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

ലേലം/ക്വട്ടേഷൻ ഏറ്റവും കൂടിയ തുക വിളിച്ച രേഖപ്പെടുത്തിയ ആളുടെ പേരിൽ ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതും ടി കക്ഷി അപ്പോൾ തന്നെ ലേല/ക്വട്ടേഷൻ തുകയുടെ മൂന്നിലൊന്ന് തുക നിരതദ്രവ്യ തുക നിലനിർത്തി കൊണ്ട് ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും ലേലം ഉറപ്പിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃത ജി.എസ്.ടി തുകയും ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതും വാഹനം കൈപ്പറ്റേണ്ടതുമാണ്.

ലേലം/ ക്വട്ടേഷൻ കാരണം ഒന്നും ബോധിപ്പിക്കാതെ തന്നെ നിർത്തി വെയ്ക്കുന്നതിനൊ മാറ്റി വെയ്ക്കുന്നതിനൊ റദ്ദ് ചെയ്യുന്നതിനൊ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ നിർദ്ദേശങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ലേല ദിവസം ഏതെങ്കിലും കാരണത്താൽ അവധിയൊ മറ്റോ മൂലം ലേലം മാറ്റിവെയ്ക്കേണ്ടി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവർത്തി ദിവസങ്ങളിൽ കടമ്പനാട് ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്

സെക്രട്ടറി
കടമ്പനാട് ഗ്രാമപഞ്ചായത്ത്

പകർപ്പ്

1. നോട്ടീസ് ബോർഡ്.
2. പഞ്ചായത്ത് വകുപ്പ് വെബ്സൈറ്റ്
3. വില്ലേജ് ആഫീസ്, കൃഷിഭവൻ,പിഎച്ച്.സി